കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.2027/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 07.11.2017

ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അതിയന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ, തിരുവനന്തപുരം)

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.2027/2017 തീയതി: 07.11.2017

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.2017മുതൽ 31.03.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ

പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

*(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം*

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.എം.മോഹനൻ പിള്ള, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.-2017മുതൽ 13.10.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സഞ്ജയ്.പി.ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ആശ.ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്, ഓഡിറ്റർ |

*(ബി) നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഡി.ശൈലജ | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.എം.എസ് തോമസ് | 01.04.2016മുതൽ 15.06.2016വരെ |
| | ശ്രീ.പി.എസ് നീലകണ്ഠപ്രസാദ് | 16.06.2016 മുതൽ 27.08.2016 വരെ |
| | ശ്രീ.എ.എം.സുശീല (ജോയിന്റ് ബി.ഡി.ഒ-ഇൻ ചാർജ്ജ്) | 28.08.2016 മുതൽ 04.10.2016 വരെ |

| | | |
|---|---|---|
| | ശ്രീ. എ ഷഹാബുദ്ദീൻ | 05.10.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി. അജിത | 01.04.16മുതൽ 31.03.17വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ലൈല പി | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി പുല്ലുവിള) | ഡോ.സദാശിവൻ | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി, വിഴിഞ്ഞം) | ഡോ.വാഷിത ഗുണസെൽവി.എം | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി വെൺപകൽ) | ഡോ. അജിതാ വൈ.എ | 01.04.16 മുതൽ 31.03.17വരെ |
| സീനിയർ വെറ്റിനറി സർജൻ, കാഞ്ഞിരംകുളം | ഡോ.ഈശ്വരപിള്ള | 01.04.16മുതൽ 21.10.16വരെ |
| | ഡോ.തിയോഡർ ജോൺ | 22.10.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ശ്രീമതി.ഷീജ | 01.04.16 മുതൽ 25.05.16 വരെ |

| | | |
|---|---|---|
| | ശ്രീ ബോബൻ വി | 26.05.16 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റൻഷൻ. ഓഫീസർ | ശ്രീ.രാജു | 01.04.16 മുതൽ 24.07.16 വരെ |
| | ശ്രീ.പ്രശാന്ത് | 25.07.16 മുതൽ 11.08.16 വരെ |
| | ശ്രീമതി. മാലതി | 11.08.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക നില | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| 11 | സബ്സിഡി തുക വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല 9,60,000 (6,00,000 + 3,60,000) രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 12 | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി -24,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 13 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-3 |
| 14 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ അംഗീകാരം ലഭിച്ചത് - 38, നടപ്പിലാക്കിയത് - 23 | 3-4 |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ട് പിരിച്ച് ഒടുക്കുന്നില്ല - നടപടി കൈക്കൊള്ളേണ്ടതാണ് | 3-5 |
| 16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 17,27,075/-രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |

| | | |
|---|---|---|
| | | |
| 17 | സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്. | 3-7 |
| | ഭാഗം - 4 | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 21 | വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-9 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ I (1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 990485600/- രൂപയും പ്രതീക്ഷിത ചെലവ് 984805600/- രൂപയും നീക്കിയിരിപ്പ് 5680000/-രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 135458562/- രൂപയും ചെലവ് 107437160/- രൂപയും നീക്കിയിരിപ്പ് 28021402/- രൂപയുമാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥവരവും തമ്മിൽ വളരെയധികം വ്യത്യാസമാണുള്ളത്. ഭാവിയിൽ യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 18.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുണ്ട് | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65149718 |
| വരവ് | 70308844 |
| ആകെ | 135458562 |

| | |
|---|---|
| ചെലവ് | 107437160 |
| നീക്കിയിരിപ്പ് | 28021402 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 21570925 | 21570925 | 21570925 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9138585 | 9138585 | 9138585 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 26892 | 26892 | 26892 | 0 | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 2510513 | 2510513 | 2510513 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 1286446 | 3303996 | 4590442 | 2672002 | 1918440 | *58* |
| തനത് വരവ്/ മറ്റ് വരവുകൾ | 63863272 | 33757933 | 97621205 | 97621205 | 26102962 | 28 |
| ആകെ | 65149718 | 70308844 | 135458562 | 107437160 | 28021402 | |

വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

- 2016-17 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക General Ledger Trial Balance ലെ Excess of income over Expenditure നീക്കിയിരിപ്പ് 1079394/- രൂപയാണ്. എന്നാൽ 2016-17സാമ്പത്തിക വർഷം പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 1070310/- രൂപയാണ്.
- സാമ്പത്തിക വർഷത്തെ ബജറ്റിൽ ഹോണറേറിയം (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാർ, ചെയർമാൻ) ഇനത്തിൽ 9,50,000/- രൂപ വകയിരുത്തുകയും 11,43,730/- രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രൊവിഷൻ ഇല്ലാതെ 1,93,730/-രൂപ ചെലവഴിച്ചു. പ്രസ്തുത തുകയ്ക്ക് റിവൈസ്ഡ് ബജറ്റ് തയാറാക്കിയിട്ടില്ല. (കേ.പ.രാജ് സെക്ഷൻ 214(5)പ്രകാരം ബജറ്റിൽ വകയിരുത്താത്ത അധികം ചെലവഴിച്ച തുകയ്ക്ക് സപ്ലിമെന്ററി/റിവൈസ്ഡ് ബജറ്റ് തയാറാക്കേണ്ടതാണ്.)
- 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors) പ്രകാരം Rent receivables Arrear 300/- രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെവാർഷിക ധനകാര്യ പത്രികപ്രകാരം ഈയിനത്തിൽ വരവ് വന്നിട്ടുള്ളത് 3630/- രൂപയാണ് (RP-43ൽ)

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 76 | 4913986 | 58 | 33246915 | 1 | 17 | 76.32 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| നികുതിയേതര വരവുകൾ | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 100172 | 132280 | 32108 |
| ലേലം | 0 | 124000 | 104420 |
| മറ്റുവരവുകൾ | 82200 | 73131 | -41177 |
| ആകെ | 182372 | 309831 | 95351 |

# 1- 8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2017ന് രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയായരീതിയിൽ തയാറാക്കി പരിപാലിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വക കടമുറികളുടെ വാടകയിനത്തിലെ വരവുകൾ കൃത്യമായി (രസീത് നം/തിയതി ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.8.16-11.8.16 | 2015-2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.7.16-16.7.16 | 2015-2016 | 07.10.16 |

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

- •

ഇല്ല

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 സബ്സിഡി തുക വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 960000/-(6,00,000 + 3,60,000) രൂപ തടസ്സപ്പെടുത്തുന്നു.

എ) പ്രോജക്ടിന്റെ പേര് : പശു വളർത്തൽ (വനിത)

പ്രോജക്ട് നമ്പർ : SOO60/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക : 196000

പദ്ധതി വിഭാഗം (ഉല്പാദനം) : വികസന ഫണ്ട് (പൊതു വിഭാഗം)

ബിൽ നമ്പർ, തീയതി : 2/16-17, 23.03.2017

3/16-17, 23.03.17

പദ്ധതി പ്രകാരം 10 അംഗങ്ങൾ ഉള്ള വനിതാ സ്വയം സഹായ സംഘങ്ങളിലെ ഒരു വ്യക്തിയ്ക്ക് 15000/-രൂപ ബ്ലോക്ക് സബ്സിഡിയും 20000/-രൂപ ബാങ്ക് വായ്പയും ചേർത്ത് 35000/-രൂപ ആകെ 196000/-രൂപ നൽകി. സബ്സിഡി തുക സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് വഴി വിതരണം ചെയ്തു. എന്നാൽ 4 യൂണിറ്റുകൾക്ക് ലോൺ അനുവദിച്ചതിന്റെയോ സബ്സിഡി വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സംഘത്തിന്റെ പേര് | സബ്സിഡി തുക |
|---|---|---|

| | | |
|---|---|---|
| 1 | ചൈതന്യ സ്വയം സഹായ സംഘം | 150000 |
| 2 | കാഞ്ചന സ്വയം സഹായ സംഘം | 150000 |
| 3 | പ്രിയദർശിനി സ്വയം സഹായ സംഘം | 150000 |
| 4 | കരുണാ സ്വയം സഹായ സംഘം | 150000 |
| | ആകെ | 600000 |

ബി) പ്രോജക്ടിന്റെ പേര് : പശു വളർത്തൽ (വൃദ്ധർ)

പ്രോജക്ട് നമ്പർ : SOO61/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക : 1575600

ബിൽ നമ്പർ, തീയതി : 5/16-17, 27.03.2017

4/16-17, 27.03.2017

7/16-17, 29.03.2017

10 പേർ ഉള്ള ഒരു സ്വയം സഹായ സംഘത്തിന് 120000/-രൂപ നിരക്കിൽ ബ്ലോക്ക് വഴി സബ്സിഡിയും ബാക്കി തുക ബാങ്ക് വായ്പയും എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. ബാങ്കുകൾ വായ്പ അനുവദിച്ചശേഷം മാത്രമേ സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകാൻ പാടുള്ളൂവെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ താഴെ വിവരിക്കുന്ന 3 സംഘങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കിയതിന്റെയോ സബ്സിഡി തുക വിതരണം ചെയ്തതിന്റെയോ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സംഘത്തിന്റെ പേര് | സബ്സിഡി തുക |
|---|---|---|

| | | |
|---|---|---|
| 1 | ഐശ്വര്യ സ്വയം സഹായ സംഘം | 120000 |
| 2 | കാക്കലക്കാനം സ്വയം സഹായ സംഘം | 120000 |
| 3 | തിരുവോണം സ്വയം സഹായ സംഘം | 120000 |
| | ആകെ | 360000 |

മേൽ വിവരിച്ച SOO60/17, SOO61/17 എന്നീ പ്രോജക്ടുകൾ പ്രകാരം ലഭ്യമായ ബാങ്ക് വായ്പയുടെയും സബ്സിഡി വിതരണത്തിന്റെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാ ത്തതിന് നൽകിയ 11.10.2017-ലെ 12/16 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാ ക്കിയില്ല. ആയതിനാൽ സബ്സിഡി ഇനത്തിൽ നൽകിയ 960000/- (600000 + 360000) രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി - 24000/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര് : പശു വളർത്തൽ (വൃദ്ധർ)

പദ്ധതിയുടെ നമ്പർ : SOO61/17 ജനറൽ (ഉല്പാദനം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക : 3655600/- (1575600/-രൂപ സബ്സിഡി,
2080000/-രൂപ ബാങ്ക് വായ്പ)

ബിൽ നമ്പർ, തീയതി : 3/17, 23.03.2017
5/17, 27.03.2017
7/17, 29.03.2017

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പശുവളർത്തൽ (വൃദ്ധർ) എന്ന പദ്ധതി പ്രകാരം 8 പേർ അടങ്ങുന്ന 13 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകി. മാനദണ്ഡ പ്രകാരം ഗ്രൂപ്പിലെ അംഗങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി

50000/-രൂപയായിരുന്നു. എന്നാൽ ആനി സ്വയം സഹായ സംഘത്തിലെ ശ്രീ.ആന്റണിയുടെ ഭാര്യയ്ക്കും ആദിത്യ സ്വയം സഹായ സംഘത്തിലെ ശ്രീ.ഫ്രാൻസിസ് സേവ്യർ എന്നയാളുടെ ഭാര്യയ്ക്കും സർക്കാർ ജോലിയുള്ളതായി റേഷൻ കാർഡുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ആയതിനെക്കുറിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 8/17 (തീയതി.11.10.17)ന് മറുപടി നൽകിയിട്ടില്ല. ഇപ്രകാരം ഉല്പാദന മേഖലയിൽ ജി.ഒ.(ആർ.ടി)1219/16.ത.സ്വ.ഭ.വ.25.11.16-ന് വിരുദ്ധമായി സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് നൽകിയ 24000/-രൂപ (12000 + 12000 = 24000) രൂപ തടസ്സപ്പെടുത്തുന്നു. തടസ്സം നീക്കാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ പൊതുവായ അപാകതകൾ

1. പശുവളർത്തൽ പദ്ധതി നടത്തിപ്പിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല.
2. പദ്ധതി പ്രകാരം പശുക്കളെ വാങ്ങാൻ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
3. പശുക്കളെ മൃഗ ഡോക്ടർ പരിശോധിച്ച് സർട്ടിഫൈ ചെയ്തിട്ടില്ല.
4. വായ്പാ ബന്ധിത പദ്ധതികൾക്ക് ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാതെ തന്നെ സബ്സിഡി തുക നൽകി. ഉദാ.മുഴക്കോൽകുന്ന് ഐശ്വര്യ സ്വയം സഹായ സംഘത്തിന് ബാങ്ക് വായ്പ ഇല്ലാതെ സബ്സിഡി നൽകി.
5. ബാങ്കുകൾക്ക് പകരം സൊസൈറ്റികൾ വഴി പദ്ധതി നടപ്പിലാക്കി.

വരും വർഷങ്ങളിൽ മാനദണ്ഡങ്ങൾ കർശനമായി നിർവ്വഹണോദ്യോഗസ്ഥൻ പാലിക്കേണ്ടതാണ്.

## 3-3 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

എ) പദ്ധതിയുടെ പേര് : മട്ടുപ്പാവിൽ ഗ്രോബാഗ് പച്ചക്കറി കൃഷി

പദ്ധതിയുടെ നമ്പർ : SOO35/17 ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അടങ്കൽ തുക : വികസന ഫണ്ട് - 585000/-

ഗുണഭോക്തൃ വിഹിതം - 195000

ആകെ : 780000/-

ബിൽ നമ്പർ : 3/16-17, 31.03.2017

1. 10 അംഗങ്ങൾ ഉള്ള ഒരു കുടുംബ ശ്രീ യൂണിറ്റിന് ഗ്രോബാഗിൽ വളവും മണ്ണുനിറച്ച് പച്ചക്കറി തൈ വിതരണം ചെയ്യുന്നതിന് 15000/-രൂപ സബ്സിഡി നൽകി. ഗ്രോബാഗും വളവും വിത്തും നിർവ്വഹണോദ്യോഗസ്ഥർ നേരിട്ട് വാങ്ങി യൂണിറ്റുകൾക്ക് നൽകേണ്ടതിന് പകരം വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മ സേനയിൽ നിന്നും കുടുംബശ്രീ യൂണിറ്റുകൾ നേരിട്ട് വാങ്ങി. ജി.ഒ.(എം.എസ്)4/2016.ത.സ്വ.ഭ.വ. 11.01.2016 സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമായി പദ്ധതി നടത്തിപ്പ് കാണുന്നു.
2. ഗ്രോബാഗം, വിത്ത്, വളം എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല.
3. കുടുംബ ശ്രീ യൂണിറ്റുകളെ തിരഞ്ഞെടുത്ത പഞ്ചായത്തുകളുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
4. കുടുംബ ശ്രീ യൂണിറ്റുക ൾ കൃഷി നടത്തിയതായി കൃഷി ഓഫീസർ സർട്ടിഫൈ ചെയ്തിട്ടില്ല.

ബി) പദ്ധതിയുടെ നമ്പർ : SOO36/17

പദ്ധതിയുടെ പേര് : ജൈവ പച്ചക്കറി കൃഷി

പദ്ധതി ഇനം : വികസന ഫണ്ട്(ജനറൽ) - 270000

ചെലവ് ചെയ്തത് - 233100

ബിൽ നമ്പർ : 2/16-17, തീയതി. 31.03.2017

*<u>നടത്തിപ്പിലെ അപാകതകൾ</u>*

1. മാനദണ്ഡ പ്രകാരം 20 സെന്റിൽ കൂടുതൽ കൃഷി ഭൂമി ഉണ്ടായിരിക്കണം. അതിന് ആവശ്യമായ കര രസീതോ പാട്ടകൃഷി സമ്മതപത്രമോ സൂക്ഷിച്ചിട്ടില്ല.
2. കുടുംബ ശ്രീ യൂണിറ്റുകളുടെ ധനസഹായത്തിനുള്ള അപേക്ഷകൾ ഒന്നും തന്നെ വാങ്ങി സൂക്ഷിച്ചിട്ടില്ല.
3. കുടുംബശ്രീ യൂണിറ്റുകൾ പച്ചക്കറി കൃഷി നടത്തിയതായോ സ്ഥലം സന്ദർശിച്ചതാ യോയുള്ള പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.
4. കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
5. കുടുംബശ്രീ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പദ്ധതി രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക് സബ്സിഡി കൃത്യമായ യൂണിറ്റുകൾക്ക് നൽകിയതല്ലാതെ പദ്ധതിക്ക് ശരിയായ വിധം മേൽനോട്ടം

ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-4 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ അംഗീകാരം ലഭിച്ചത് - 38, നടപ്പിലാക്കിയത് - 23

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 38 പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. എന്നാൽ 23 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.(ആകെ വകയിരുത്തിയത് - 19917263/- ചെലവഴിച്ചത് - 11635190/-) ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പുല്ലുവിള സി.എച്ച്.സി-ക്ക് അറ്റകുറ്റപ്പണി, ബഡ്സ് സ്കൂൾ, ഓൾഡേജ് ഹോം എന്നിവയുടെ അറ്റകുറ്റ പണികൾ നടത്താത്തത് ന്യായീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരി ക്കാൻ ഭാവിയിൽ ബ്ലാക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

## 3-5 വർക്കേഴ്സ് വെൽഫെയർ ഫണ്ട് പിരിച്ച് ഒടുക്കുന്നില്ല – നടപടി കൈക്കൊള്ളേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് പ്രകാരം വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയു ണ്ടായില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച 38 പദ്ധതികളിൽ 23 എണ്ണം നടപ്പിലാക്കുകയും 11635190/-രൂപ ചെലവഴിക്കുകയുമുണ്ടായി. ഈ ഇനത്തിൽ തൻവർഷം ആകെ 116352/-രൂപ വെൽഫെയർ ഫണ്ടിനത്തിൽ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരും വർഷങ്ങളിൽ ബ്ലോക്ക് പഞ്ചാത്തിന്റെ ഭാഗത്തുനിന്നും തുക പിരിച്ച് ഒടുക്കുവരുത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 1727075/-രൂപ തടസ്സപ്പെടുത്തുന്നു.

2016-2017 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥായി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം/ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം.പേര് | ചെലവ് തുക<br>ഡി.ഡി.നം. തീയതി | തുക കൈപ്പറ്റിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 1 | 78, മാലിന്യ സംസ്കരണം, പഞ്ചായത്തുകൾക്ക് | 1336445<br>0290139/31.03.17 | കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | തുക നൽകൽ | | | |
| 2 | 85, പുളിക്കുടി ഉച്ചക്കട ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 13930/- 33/31.03.17 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം |
| 3 | 89, കപ്പിയാരുമുക്ക് കുളം റോഡ് പരുത്തിവിള ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 114700/- 41/31.03.17 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം |
| 4 | 86, നാട്ടുവിളാകം പക്കളം മേലേതോട്ടം കീഴേത്തോട്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 162000/- 34/31.03.17 | കേരള വാട്ടർ അതോറിട്ടി | വിനിയോഗ സാക്ഷ്യപത്രം |
| 5 | 87, പുളുംകുടി ആഴിമല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000/- 35/31.03.17 | കേരള വാട്ടർ അതോറിട്ടി | |
| | ആകെ | 1727075 | | |

പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം പദ്ധതി ഫയലുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ പദ്ധതികൾ നിർവ്വഹിച്ച് കഴിഞ്ഞാലുടൻ കരാർ പ്രകാരം നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 1727075/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. : SOO81/17 വൃദ്ധ സദനങ്ങൾക്ക് ഫർണിച്ചർ, ഉപകരണങ്ങൾ വാങ്ങൽ

തുക : 354212/- (വികസന ഫണ്ട്)

ചെലവഴിച്ചത് : 354212/-

തൻവർഷം പ്രോജക്റ്റ് നം.81/17 പ്രകാരം SIDCO-യിൽ നിന്നും ബിൽ നം.4989/ 31.03.17 പ്രകാരം 354212/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങുകയുണ്ടായി. എന്നാൽ സർക്കാർ ഉത്തരവ് 3299/2016/ത.സ്വ.ഭ.വ. തീയതി.02.12.16 പ്രകാരം സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാത്ത സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരായി നിന്നു വാങ്ങി നൽകുന്നത് സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ കർശനമായി പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | നടുവിളാകം പാക്കളം പൈപ്പ് ലൈൻ നീട്ടൽ | Online | 162000 | 0 | 162000 |
| 2 | കേരള വാട്ടർ അതോറിറ്റി | പുളിങ്കുടി ആഴിമല പൈപ്പ് ലൈൻ നീട്ടൽ | Online | 100000 | 0 | 100000 |
| 3 | കെ.എസ്. ഇ.ബി | പുളിങ്കുടി ഉച്ചക്കട വൈദ്യുതിലൈൻ നീട്ടൽ | Online | 13930 | 0 | 13930 |
| 4 | കെ.എസ്. ഇ.ബി | കൊച്ചുതുറ ചാനൽക്കര വൈദ്യുതിലൈൻ നീട്ടൽ | Online | 99670 | 0 | 99670 |
| 5 | കെ.എസ്. ഇ.ബി | കപ്യാരുമല വൈദ്യുതി ലൈൻ നീട്ടൽ | Online | 114700 | 0 | 114700 |
| | | ആകെ | | 490300 | 0 | 490300 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എം.എസ്) 207/2009 ത.സ്വ.ഭ.വ 07.11.09 | 62,76,200 | 3215210 | 643042 | -- | 25,72,168 |
| ഐ.എ.വൈ അധിക ധന സഹായം കോ-ഓപ്പറേറ്റീവ് ബാങ്ക് (5 എണ്ണം) | സ.ഉ(കൈ) നം115/13/ തസ്വഭവ തി.22.3.13 | 55,00,000 | 5500000 | 0 | 0 | 55,00,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135458562 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 172586878 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2711075 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ക്രം നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3.1 | 960000 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ശ്രീമതി മാലതി |
| 2 | 3.2 | 24000 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ശ്രീമതി മാലതി |
| 3 | 3.6 | 1727075 | സെക്രട്ടറി, ശ്രീ.എ.ഷഹാബുദ്ദീൻ |
| ആകെ | | 2711075 | |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ*

*വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.മാലതി.ടി.ജി. (ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ) | - | സന്ദീപം, House No. N2, ശാസ്ത്രിനഗർ നോർത്ത്, കരമന.പി.ഒ. |
| 2 | ശ്രീ.ഷഹാജുദ്ദീൻ (സെക്രട്ടറി) | - | - |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തിയതി.08.03.2013 | 8 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി&ഡി.476/09 തിയതി.30.03.2013 | 11 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.ബി&ഡി.230/09 തിയതി.08.03.2013 | 5 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി&ഡി.477/09 തിയതി.08.03.2013 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തിയതി.30.03.2013 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തിയതി.01.04.2013 | 5 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തിയതി.01.04.2013 | 5 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തിയതി.07.08.2013 | 4 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തിയതി 08.03.2013 | 9 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തിയതി.11.07.2013 | 13 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ബി&ഡി.595/12 തിയതി.08.03.2013 | 7 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി&ഡി.562/13 തിയതി.06.09.2013 | 4 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ബി&ഡി.319/13തിയതി.27.09.2013 | 8 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി&ഡി.320/13 തിയതി.27.09.2013 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി&ഡി.2330/13 തിയതി.08.03.2013 | 5 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ബി&ഡി.304/15 തിയതി 23.03.13 | 11 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ബി&ഡി.664/2015 തിയതി 22.08.2015 | 3 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ബി&ഡി.86/16തിയതി 11.02.16 | 5 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ബി&ഡി.211/17തിയതി 31.01.17 | 17 | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

- 2016-17 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക General Ledger Trial Balance ലെ Excess of income over Expenditure നീക്കിയിരിപ്പ് 1079394/- രൂപയാണ്. എന്നാൽ 2016-17സാമ്പത്തിക വർഷം പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 1070310/- രൂപയാണ്.
- 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B(15) (Sundry Debtors)പ്രകാരം Rent receivables Arrear 300/- രൂപയാണ്. എന്നാൽ 2016-17സാമ്പത്തിക വർഷത്തെവാർഷിക ധനകാര്യ പത്രികപ്രകാരം ഈയിനത്തിൽ വരവ് വന്നിട്ടുള്ളത് 3630/- രൂപയാണ് (RP-43ൽ)

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.